കസ്റ്റഡി മർദ്ദനത്തെ തുടർന്നു യുവാവ് മരിച്ചെന്ന ആരോപണം; ആഭ്യന്തര മന്ത്രി റിപ്പോർട്ട് തേടി

കൊല്ലം: കസ്റ്റഡി മർദ്ദനത്തെ തുടർന്ന് യുവാവ് മരിച്ചെന്ന ആരോപണത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഡി.ജി.പിയോട് റിപ്പോർട്ട് തേടി. വിദ്യാർഥിയെ കാണാതായെന്ന പരാതിയിൽ കുണ്ടറ പോലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ച സിയാദ് എന്ന യുവാവാണ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ കഴിഞ്ഞ ദിവസം മരിച്ചത്.

പോലീസ് മർദനത്തെ തുടർന്നാണ് സിയാദ് മരിച്ചതെന്ന് കുടുംബം ആരോപിച്ചു. സിയാദിന്റെ മകളും പോലീസ് ഉദ്യോഗസ്ഥനും തമ്മിലുള്ള ഫോൺ സംഭാഷണവും പുറത്തായിരുന്നു. ഈ പോലീസുകാരന്റെ മർദനമേറ്റാണ് സിയാദിന് പരുക്കേറ്റതെന്നും തുടർന്ന് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചതെന്നും കുടുംബം ആരോപിച്ചു. പിന്നാലെ പോലീസ് സ്റ്റേഷന് മുമ്പിൽ ഡി. വൈ. എ ഫ്. ഐ. പ്രതിഷേധവുമായി എത്തി. പിന്നാലെയാണ് സംഭവത്തെക്കുറിച്ച് ആഭ്യന്തര മന്ത്രി റിപ്പോർട്ട് തേടിയത്.

● സിയാദ്

കഴിഞ്ഞ ജൂൺ 16നാണ് കുണ്ടറ പോലീസ് സിയാദിനെ വീട്ടിൽ നിന്ന് കസ്റ്റഡിയിൽ എടുത്തത്. പിറ്റേന്ന് വിദ്യാർഥിയെ കണ്ടെത്തി. വിദ്യാർഥിയെ കാണാതായ സംഭവത്തിൽ സിയാദിന് ബന്ധമുണ്ടായിരുന്നില്ലെന്ന് കണ്ട് സിയാദിനെ വിട്ടയച്ചു. ശാരീരിക ബുദ്ധുമുട്ടിനെ തുടർന്ന് സിയാദ് പിന്നീട് ആശുപത്രിയിൽ ചികിത്സ തേടി. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ കഴിഞ്ഞ ദിവസം സിയാദ് മരിച്ചു.

പോലീസ് മർദനത്തിൽ വാരിയെല്ലിനേറ്റ പരുക്കാണ് മരണ കാരണമെന്ന് കുടുംബം ആരോപിച്ചു. എന്നാൽ മർദിച്ചിട്ടില്ലെന്നും സിയാദിന് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നുമാണ് പോലീസിന്റെ വിശദീകരണം.

വയോധികയെ ഉപദ്രവിക്കാൻ ശ്രമിച്ച പ്രതി അറസ്റ്റിൽ

കൊല്ലം: വയോധികയെ ഉപദ്രവിക്കാൻ ശ്രമിച്ച പ്രതിയെ പാരിപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തു. എഴിപ്പുറം ചിറയിൽ പുത്തൻവീട്ടിൽ ഗോപീഷാ (41)ണ് അറസ്റ്റിലായത്. 68 കാരിയായ സ്ത്രീയുടെ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ്. ഇക്കഴിഞ്ഞ 25–ന് വൈകിട്ട് 4.30ന് വയോധികയുടെ വീട്ടുവളപ്പിൽ അതിക്രമിച്ച് കയറിയ പ്രതി വീടിനു പുറകുവശത്തു തുണി അലക്കുകയായിരുന്ന വയോധികയെ ഉപദ്രവിക്കാൻ ശ്രമിക്കുകയായിരുന്നു. 2008ലും പ്രതിക്കെതിരെ സമാനമായ കുറ്റകൃത്യത്തിന് പാരിപ്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇൻസ്പെക്ടർ പി.എസ്.സുജിത്തിന്റെ നേതൃത്വത്തിൽ എസ്.ഐ. വിഷ്ണു സജീവ്, എ.എസ്.ഐ. തോമസ്, സി.പി.ഒമാരായ സബിത്ത്, അജീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

കേരള കർഷകസംഘം ജില്ലാ സമ്മേളനം പത്തനാപുരത്ത്

കൊല്ലം: കേരള കർഷകസംഘം കൊല്ലം ജില്ലാ സമ്മേളനം 30, 31, ഓഗസ്റ്റ് ഒന്ന് തീയതികളിൽ പത്തനാപുരത്തു നടക്കും. 480 തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് കർഷക സംഘം ജില്ലാ പ്രസിഡന്റ് അഡ്വ. ബിജു കെ. മാത്യു, ആക്ടിങ് സെക്രട്ടറി എസ്. സത്യൻ, ട്രഷറർ വി.കെ.അനിരുദ്ധൻ, സ്വാഗത സംഘം ചെയർമാൻ എച്ച്. നജീബ് മുഹമ്മദ്, കൺവീനർ എ. ബി. അൻസാർ എന്നിവർ പറഞ്ഞു. പ്രതിനിധി സമ്മേളനം 30 ന് രാവിലെ 9.30ന് പത്തനാപുരം ന്യൂ മംഗല്യ ഓഡിറ്റോറിയത്തിൽ അഖിലേന്ത്യ കിസാൻ സഭ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം പ്രകാശൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ മികച്ച കർഷകരെ എ.ഐ.കെ.എസ്. കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം കെ.എൻ.ബാലഗോപാൽ എം.എൽ.എ. ആദരിക്കും. 31ന് രാവിലെ 9.30 മുതൽ പൊതുചർച്ചയുടെ മറുപടിയും പുതിയ ജില്ലാ കമ്മിറ്റി തെരഞ്ഞെടുപ്പും സംസ്ഥാന സമ്മേളന പ്രതിനിധി തെരഞ്ഞെടുപ്പും നടക്കും. ഓഗസ്റ്റ് ഒന്നിന് വൈകിട്ട് അഞ്ചിന് പത്തനാപുരം ടൗണിൽ കർഷക റാലി നടക്കും. തുടർന്നു നടക്കുന്ന പൊതുസമ്മേളനം എ.ഐ.കെ.എസ്. ജനറൽ സെക്രട്ടറി ഡോ. വിജു കൃഷ്ണൻ ഉദ്ഘാടനം ചെയ്യും. കർഷക സംഘം സംസ്ഥാന പ്രസിഡന്റ് എം. വിജയകുമാർ, സംസ്ഥാന സെക്രട്ടറി വത്സൻ പനോളി തുടങ്ങിയവർ പ്രസംഗിക്കും.

സ്കൂൾ മന്ദിര ഉദ്ഘാടനം

നെയ്യാറ്റിൻകര: ഗവ. ജെ ബി എസ് അമരവിള നിർമ്മാണം പൂർത്തീകരിച്ച സ്കൂൾ മന്ദിരത്തിന്റെ ഉദ്ഘാടനം എൻ ശക്തൻ എം എൽ എ ജൂലൈ 29ന് വൈകുന്നേരം മൂന്ന് മണിക്ക് നിർവഹിക്കുന്നു. നെയ്യാറ്റിൻകര നഗരസഭാ ചെയർപേഴ്സൺ ഡബ്ല്യൂ ആർ ഹീബ അധ്യക്ഷയാകും. യോഗത്തിൽ മുൻ എം എൽഎ കെ ആൻസലൻ, നഗരസഭാ വൈസ് ചെയർമാൻ കെ കെ ഷിബു, നഗ സര സ്ഥിരംസമിതി അധ്യക്ഷൻമാരായ എസ് വസുമതി, വിഎസ് സജീവ്കുമാർ, എം അലി ഫാത്തിമ, മഞ്ജു രാജേഷ്, ആർ വി വിജയ ബോസ്, കൗൺസിലർമാരാമാരായ ബിജു ടി എസ് , എ സലിം, ജി ശിവകുമാർ, നഗരസഭാ സെക്രട്ടറി ബി സാനന്ദ സിംഗ്, ഡിഇഒ ഷിബു പ്രേംലാൽ, എ ഇ ഒ സുന്ദർദാസ് എ, ബിപിസി ആനന്ദ് കുമാർ എസ്, പിടിഎ പ്രസിഡന്റ് ടി സത്താർ, ഹെഡ് മിസ്ട്രസ് ആർ എസ് ജയശ്രീ തുടങ്ങിയവർ സംസാരിക്കും.

●കോൺഫെഡറേഷൻ ഓഫ് റസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ പഠന മികവിനുള്ള അവാർഡ് ഹൃദ്വിക കാർണവർക്ക് ഡോ. ജ്യോതിദേവ് കേശവദേവ് സമ്മാനിക്കുന്നു.

എസ്.എസ്.എൽ.സി. പഠന മികവിന് ഹൃദ്വിക കാർണവർക്ക് ആദരവ്

തിരുവനന്തപുരം: 2025–26 അധ്യയന വർഷം എസ്.എസ്.എൽ.സി.(സി.ബി.എസ്.ഇ) പരീക്ഷയിൽ ഉന്നത വിജയം നേടിയ നർത്തകിയും ചിത്രകാരിയുമായ ഹൃദ്വിക കാർണവർക്ക് കോൺഫെഡറേഷൻ ഓഫ് റസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആദരവ് നൽകി. പൂജപ്പുര ചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ നടന്ന ദേവസ്വം വകുപ്പു മന്ത്രി കെ.മുരളീധരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പഠന മികവിനുള്ള അവാർഡും യുവ നർത്തകിക്കുള്ള കലാസരിത്ത് അവാർഡും ഡോ. ജ്യോതിദേവ് കേശവദേവ് സമ്മാനിച്ചു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് അനിൽ പ്രസാദ് അധ്യക്ഷത വഹിച്ചു. മുൻ എം.എൽ.എ. അഡ്വ.വി.കെ. പ്രശാന്ത്, സെക്രട്ടറി ജയദേവൻ എന്നിവർ പ്രസംഗിച്ചു.

തലസ്ഥാന വികസനരേഖ മന്ത്രിക്ക് സമർപ്പിച്ചു

●കോർവയുടെ വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: കോർവ (കോ–ഓർഡിനേഷൻ ഓഫ് റെസിഡന്റ്സ് വെൽഫെയർ അസോസിയേഷൻസ്) തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച തലസ്ഥാന വികസനരേഖ സമർപ്പണവും വിദ്യാഭ്യാസ അവാർഡ് വിതരണവും മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. പൂജപ്പുര ശ്രീ ചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തലസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായുള്ള നിർദേശങ്ങൾ ഉൾക്കൊള്ളുന്ന വികസനരേഖ ജില്ലാ പ്രസിഡന്റ് വി.എസ്. അനിൽ പ്രസാദ് മന്ത്രിക്ക് സമർപ്പിച്ചു.

●തലസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായുള്ള നിർദേശങ്ങൾ ഉൾക്കൊള്ളുന്ന വികസനരേഖ ജില്ലാ പ്രസിഡന്റ് വി.എസ്. അനിൽ പ്രസാദ് മന്ത്രിക്ക് കെ. മുരളീധരന് സമർപ്പിക്കുന്നു.

റസിഡന്റ്സ് അസോസിയേഷനുകൾ ഇന്ന് വെറും അയൽക്കൂട്ടങ്ങളുടെ സംഘടനകളല്ലെന്നും, പൊതുജീവിതത്തിന്റെ അഭിന്ന ഘടകങ്ങളായി മാറിയിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. വിവിധ മേഖലകളിൽ അറിവും അനുഭവസമ്പത്തും സാമൂഹിക പ്രതിബദ്ധതയുമുള്ള പൗരന്മാരെ ഒരുമിപ്പിച്ച് പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ജനകീയ വികസന പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളുമായി കൈകോർക്കുന്നതിനും ശക്തമായ ജനകീയ വേദികളായി റസിഡന്റ്സ് അസോസിയേഷനുകൾ വളർന്നിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തലസ്ഥാന ജില്ലയിലെ റസിഡന്റ്സ് അസോസിയേഷനുകളുടെ ഏകോപന വേദിയായ കോർവയുടെ പ്രവർത്തനങ്ങൾ വികസന ചർച്ചകളിൽ ശ്രദ്ധേയമായ ഇടം നേടിയിട്ടുണ്ടെന്നും, സംഘടനകളുടെ കൂട്ടായ പങ്കാളിത്തവും പ്രവർത്തകരുടെ നിസ്വാർഥ സേവനവുമാണ് അതിന്റെ കരുത്തെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ സമർപ്പിച്ച വികസന രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദേശങ്ങൾ തലസ്ഥാന വികസനത്തിന് പ്രയോജനകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാലിന്യ നിർമാർജനത്തിനും ശുചിത്വ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് മന്ത്രി ഓർമിപ്പിച്ചു. കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവമാണ് പല പകർച്ചവ്യാധികൾക്കും വഴിവെക്കുന്നതെന്നും, ഈ മേഖലയിൽ ജനകീയ ബോധവൽക്കരണത്തിനും ശുചിത്വ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും റസിഡന്റ്സ് അസോസിയേഷനുകൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

മുൻ എം.എൽ.എ അഡ്വ. വി. കെ. പ്രശാന്ത് മുഖ്യപ്രഭാഷണം നടത്തി വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. ജില്ലാ പ്രസിഡന്റ് വി.എസ്. അനിൽ പ്രസാദ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. ജയദേവൻ സ്വാഗതം പറഞ്ഞു. രക്ഷാധികാരി അഡ്വ. ടി.എച്ച്. ലോറൻസ്, എസ്. സുധാകരൻ, വൈസ് പ്രസിഡന്റ് പി. ഗോപകുമാർ, വിദ്യാഭ്യാസ അവാർഡ് കൺവീനർ ലാൽ കുമാർ, വി. ഗോപൻ, കെ. ഗോപകുമാർ, ട്രഷറർ വിഷ്ണു എസ്. നായർ എന്നിവർ സംസാരിച്ചു.

പരിപാടിയുടെ ഭാഗമായി പുര കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ റസിഡന്റ്സ് അസോസിയേഷനുകളിലെ കലാകാരന്മാർ അവതരിപ്പിച്ച ഗാനമേളയും അരങ്ങേറി.

പൗർണ്ണമി പൂജ

ചേരപ്പള്ളി: ഇറവൂർ മൂർത്തിയാർ മഠി ശിവപാർവ്വതി ക്ഷേത്രത്തിൽ 29 ന് വൈകിട്ട് 5.30 ന് പൗർണ്ണമി പൂജ നടത്തുന്നു.

കൊല്ലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പുനർനിർമാണം സമയബന്ധിതമായി പൂർത്തിയാക്കും: മന്ത്രി

കൊല്ലം: കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പുനർനിർമാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി ബിന്ദുകൃഷ്ണ. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ കെ.എസ്.ആർ.ടി.സി ട്രാൻസ്പോർട്ട് മാനേജ്മന്റ് കമ്മിറ്റിയുടെ യോഗത്തിൽ അധ്യക്ഷ വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ടെൻഡർ നടപടികൾ പൂർത്തിയായി. പഴയ കെട്ടിടത്തിലെ ഓഫീസുകൾ ഗ്യാരേജിന്റെ പരിസരത്തേക്ക് മാറ്റും. ഗ്യാരേജിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെൻഡർ നടപടികളും പൂർത്തീകരിച്ചു. ഭരണാനുമതി ലഭിച്ച 15 കോടി രൂപയ്ക്ക് ബസ് ടെർമിനൽ, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ നിർമാണം ആദ്യഘട്ടത്തിൽ പൂർത്തിയാക്കും. ഗ്യാരേജിന്റെ പുനർനിർമാണം രണ്ടാംഘട്ടത്തിലാണ്. ബസ് സ്റ്റാന്റ് മൂന്ന് നിലകളിലാവും പണിയുക. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ ബി. അജിത്കുമാർ, വാർഡ് കൗൺസിലർ കുരുവിള ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

കേബിളുകൾക്ക് തീപിടിച്ചു

വിഴിഞ്ഞം : റോഡിന് വശത്ത് കൂടി വലിച്ചിരുന്ന സ്വകാര്യ നെറ്റ് വർക്ക് കാബിളുകൾക്ക് തീപടിച്ചു. ഫയർഫോഴ്സ് എത്തി തീയണച്ചു. വിഴിഞ്ഞം വെങ്ങാനൂരിൽ ഇന്നലെ രാവിലെയാണ് സംഭവം.

കേബിളുകളുടെ പുറത്തുണ്ടായിരുന്ന പ്ലാസ്റ്റിക്കുകൾ കത്തി റോഡിൽ വീണതോടെ ഇതുവഴിയുള്ള ഗതാഗതവും തടസപ്പെട്ടു. സമീപത്തെ കച്ചവടക്കാരെയും ഒഴിപ്പിച്ചാണ് തീ നിയന്ത്രണവിധേയമാക്കിയത് .

ഇലക്ട്രിസിറ്റി പോസ്റ്റുകളിൽ ബന്ധിച്ചിരുന്ന കേബിളുകൾ കത്തിയത് ഷോർട്ട് സർക്യൂട്ട് കാരണമാകാമെന്നാണ് വിലയിരത്തൽ

തിരുവനന്തപുരം അസി. കളക്ടർ ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്ത് സന്ദർശിച്ചു

ചേരപ്പള്ളി: തിരുവനന്തപുരം ജില്ല അസിസ്റ്റന്റ് കളക്ടർ വിഷ്ണോയ് ദിനേശ് ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്ത് സന്ദർശിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുന്നതിന്റെ ഭാഗമായാണ് അദ്ദേഹം എത്തിയത്. ഇന്ത്യയിലെ ജനാധിപത്യ വികേന്ദ്രീകരണം പലപ്പോഴും പുസ്തകങ്ങളിൽ മാത്രമാണ് കാണുന്നതെന്നും. എന്നാൽ ഉഴമലയ്ക്കൽ പഞ്ചായത്ത് വികേന്ദ്രീകരണം എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ മാതൃകയാണെന്ന് വിഷ്ണോയ് ദിനേശ് പറഞ്ഞു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.എം.എ കാസിം. സെക്രട്ടറി റ്റി. സന്തോഷ്കുമാർ, വൈസ് പ്രസിഡന്റ് ഷീജ. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഡി.ആന്റണി, ഗ്രാമ പഞ്ചായത്തംഗങ്ങളായ പി.ഉഷ, എം.എസ് കാർത്തിക്, കുളപ്പട ഫിറോസ്,ഷീജാ ജയൻ, ജോയിന്റ്ഡയറക്ടർ ഓഫീസിലെ അസി.സെക്രട്ടറി ജിജു കൃഷ്ണൻ,ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ശബരിമല അരവണ നെയ്യ് ക്രമക്കേട്: മിൽമ തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി പിരിച്ചുവിട്ടു

മംഗളം വെളിപ്പെടുത്തലിന് പിന്നാലെ ക്ഷീര വികസന ഡയറക്ടറുടെ നടപടി; 85.73 ലക്ഷം തിരിമറി കണ്ടെത്തി

സുനിൽ ജെ സണ്ണി
തിരുവനന്തപുരം

ശബരിമല അരവണ പ്രസാദത്തിനായി വിതരണം ചെയ്ത നെയ്യിൽ നടന്നതായി മംഗളം വെളിപ്പെടുത്തിയ ഗുരുതര ക്രമക്കേടിൽ സർക്കാർ നിർണായക നടപടി സ്വീകരിച്ചു.

തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടാണ് ക്ഷീര വികസന വകുപ്പ് ഡയറക്ടർ ജൂലൈ 25–ന് ഉത്തരവിറക്കിയത്.

ഉത്തരവിൽ, മംഗളം പുറത്തുകൊണ്ടുവന്ന ആരോപണങ്ങളെ സാധൂകരിക്കുന്ന ഗുരുതര കണ്ടെത്തലുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശബരിമല അരവണയ്ക്കായി മിൽമ വിതരണം ചെയ്ത നെയ്യ് വഴിമധ്യേ മാറ്റി തമിഴ്നാട്ടിൽ നിന്ന് ശേഖരിച്ച ഗുണനിലവാരം കുറഞ്ഞ നെയ്യ് മിൽമയുടെ ടിന്നുകളിൽ നിറച്ച് സന്നിധാനത്ത് എത്തിച്ചെന്ന ഗുരുതര ആരോപണം മംഗളം നേരത്തെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് തിരുവനന്തപുരം മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങൾ, പത്തനംതിട്ട ഡയറി യൂണിറ്റ് മേധാവി, ഹെഡ് ഓഫീസിലെ പ്രൊഡക്ഷൻ ആൻഡ് പ്ലാനിംഗ്മാർക്കറ്റിംഗ് വിഭാഗം മേധാവി എന്നിവർ ചേർന്ന് 85.73 ലക്ഷം രൂപയുടെ സാമ്പത്തിക തിരിമറി നടത്തിയതായി കണ്ടെത്തിയത്.

● ശബരിമല അരവണയിൽ വ്യാജ നെയ്യോ?

മിൽമയുടെ പേരിൽ കോടികളുടെ തട്ടിപ്പ്: വിജിലൻസ് അന്വേഷണം ആരംഭിച്ചു

മഹാരാഷ്ട്രയിൽ നിന്ന് വാങ്ങിയ 1.77 ലക്ഷം ലിറ്റർ നെയ്യ് 35 ബാച്ചുകളിലായി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ ശബരിമലയിലേക്ക് വിതരണം ചെയ്ത നെയ്യിൽ ആറ് ബാച്ച് നമ്പറുകൾ മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. നിർബന്ധമായ ഭക്ഷ്യസുരക്ഷാ പരിശോധനകൾ പാലിക്കാതെയാണ് നെയ്യ് വിതരണം നടത്തിയതെന്ന് ക്ഷീര വികസന ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് വ്യക്തമാക്കുന്നു.

ശബരിമല സന്നിധാനത്തേക്കുള്ള നെയ്യ് ഗതാഗതത്തിന്റെയും മിൽമ ഉൽപ്പന്നങ്ങളുടെ മൊത്തവിതരണത്തിന്റെയും കരാർ ലഭിച്ച സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും അന്വേഷണത്തിൽ പരിശോധിച്ചു. മിൽമയുടെ ഗുണമേന്മയുള്ള നെയ്യ് വിപണിയിൽ ഉയർന്ന വിലയ്ക്ക് വിറ്റ് കോടികളുടെ അനധികൃത ലാഭം നേടിയതായും റിപ്പോർട്ടിൽ പറയുന്നു.

അന്വേഷണവിധേയനായ പത്തനംതിട്ട ഡയറി യൂണിറ്റ് മേധാവിയും പ്രൊഡക്ഷൻ ആൻഡ് പ്ലാനിംഗ്മാർക്കറ്റിംഗ് വിഭാഗം മേധാവിയുമായ ഷൈൻ ജോസ് സമർപ്പിച്ച രാജി സർക്കാർ പ്രതിനിധിയുടെ എതിർപ്പ് അവഗണിച്ച് ഡയറക്ടർ ബോർഡ് അംഗീകരിച്ചതും ഉത്തരവിൽ വിമർശനവിധേയമാക്കിയിട്ടുണ്ട്.

മംഗളം വെളിപ്പെടുത്തൽ വഴിത്തിരിവായി

അരവണയിൽ വ്യാജ നെയ്യോ? മിൽമയുടെ പേരിൽ കോടികളുടെ തട്ടിപ്പ്; സൈലൻസ് അന്വേഷണം ആരംഭിച്ചു എന്ന തലക്കെട്ടിൽ മംഗളം ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച വാർത്തയാണ് വിഷയം പൊതുചർച്ചയാക്കുകയും അന്വേഷണത്തിന് വഴിതെളിക്കുകയും ചെയ്തത്. വാർത്തയ്ക്ക് പിന്നാലെ അന്വേഷണം ശക്തമാവുകയും ഒടുവിൽ ഭരണസമിതി പിരിച്ചുവിടുന്നതടക്കമുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങുകയും ചെയ്തു. ഇപ്പോൾ പുറത്തിറങ്ങിയ ക്ഷീര വികസന ഡയറക്ടറുടെ ഉത്തരവ്, മംഗളം പുറത്തുകൊണ്ടുവന്ന വിവരങ്ങൾക്ക് ഔദ്യോഗിക ബലമേകുന്നതായാണ് വിലയിരുത്തപ്പെടുന്നത്.

മംഗളം ഇംപാക്ട്

● കാർഗിൽ ദിനാചരണത്തോട് അനുബന്ധിച്ച് യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ ഓഫ് ഇന്ത്യ (വൈ.എച്ച്.എ.ഐ) കൊല്ലം ചാപ്റ്ററിന്റെ നേതൃത്വത്തിൽ പരവൂരിൽ നടത്തിയ സ്മൃതി യാത്ര.

കാർഗിൽ ദിനാചരണം; സ്മൃതിയാത്ര നടത്തി

പരവൂർ: യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ ഓഫ് ഇന്ത്യ (വൈ. എച്ച്. എ. ഐ) കൊല്ലം ചാപ്റ്ററിന്റെ നേതൃത്വത്തിൽ കാർഗിൽ ദിനാചരണത്തിന്റെ ഭാഗമായി സ്മൃതി യാത്ര നടത്തി.

വൈ.എച്ച്.എ.ഐ. കൊല്ലം ചാപ്റ്റർ ചെയർമാൻ നെടുങ്ങോലം രഘുവിന്റെ അധ്യക്ഷതയിൽ നടന്ന ദേശസംഗമ സമ്മേളനം റിട്ട. ഓണററി എച്ച്.എഫ്.എൽ. എസ്. സുകുമാരൻ ഉദ്ഘാടനം ചെയ്തു. റിട്ടേഡ് സൈനികരായ എൻ. പുരുഷോത്തമൻ വാഴവിള, കെ.എസ്.ഇ.എൽ. കൊല്ലം താലൂക്ക് സെക്രട്ടറി കെ. ശരത്ചന്ദ്രൻപിള്ള എന്നിവരെ വൈ.എച്ച്.എ.ഐ. സംസ്ഥാന വൈസ് പ്രസിഡന്റ് വടക്കേവിള ശശി ആദരിച്ചു.

പരവൂർ എസ്.എൻ.വി.ആർ.സി ബാങ്കിന് മുമ്പിൽ നിന്ന് ആരംഭിച്ച സ്മൃതി യാത്രക്ക് ജില്ലാ ഭാരവാഹികളായ മണക്കാട് സജി, ഷീബ തമ്പി, ഷിബു റാവുത്തർ, സലീംകുമാർ, സുനിത തങ്കച്ചൻ, ബിന്ദു അനിൽ,

ആർ.എസ്. സുധീർകുമാർ, തെക്കുംഭാഗം ഷാജി, റാം കുമാർ, ജയരാജ്, പ്രിയങ്ക, ദിലീപ്, ബാഹുലേയൻ തുണ്ടത്തിൽ, വിജയൻ നെടുങ്ങോലം, കെ. സുജയ്കുമാർ, ഒല്ലാൽ സുനി, മഹേശൻ, സുരേഷ്കുമാർ എന്നിവർ നേതൃത്വം നൽകി.

കഞ്ചാവും നിരോധിത പുകയില ഉൽപന്നങ്ങളുമായി യുവാവ് പിടിയിൽ

കൊല്ലം: കഞ്ചാവും നിരോധിത പുകയില ഉൽപന്നങ്ങളുമായി യുവാവിനെ എക്സൈസ് സംഘം പിടികൂടി. മയ്യനാട് കൂട്ടിക്കട പീടികമുക്കു സ്വദേശി സനൂജാ(43)ണ് പിടിയിലായത്. ഇയാളുടെ വീട്ടിൽ 30 പാക്കറ്റുകളിലായി ഒളിപ്പിച്ചുവച്ചിരുന്ന നിരോധിത പുകയില ഉൽപന്നങ്ങളും ബൈക്കിൽ നിന്ന് 30 ഗ്രാം കഞ്ചാവുമാണ് പിടിച്ചെടുത്തത്. അനധികൃത മദ്യം വിൽപന നടത്തിയതിന് ഇയാൾക്കെതിരെ കേസ് ഉണ്ടായിരുന്നു. ഇൻസ്പെക്ടർ വിജയകുമാറിന്റെ നേതൃത്വത്തിൽ നടന്ന റെയ്ഡിൽ ഗ്രേഡ് ഓഫീസർ നിർമലൻ തമ്പി, പ്രിവന്റീവ് ഓഫീസർമാരായ ജ്യോതി, സജീവ്, മുഹമ്മദ് കാഫിൽ, ജൂലിയൻ, ജയകുമാർ എന്നിവർ പങ്കെടുത്തു.

ആക്സിസ് ബാങ്ക് ലിമിറ്റഡ്

AXIS BANK

രജിസ്റ്റേർഡ് ഓഫീസ്: തൃശൂർ, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡന് സമീപം, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ്–380006, റീട്ടെയിൽ അസറ്റ്സ് സെന്റർ: ആക്സിസ് ബാങ്ക് ലിമിറ്റഡ്, രണ്ടാം നില, നിഹാൽ കോംപ്ലക്സ്, കരമന, തിരുവനന്തപുരം–695002

കൈവശ നോട്ടീസ് റൂൾ 8(1) (സ്ഥാവര വസ്തുവിന് വേണ്ടി)

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ വകുപ്പ് 13(12) ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ന്റെ ചട്ടം 3 ഉം പ്രകാരമുള്ള അധികാരം